(ബി) പ്രസ്തുത ലിസ്റ്റിലുള്ള എല്ലാ സ്കൂളുകളും പുതുതായി അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നതുമൂലം എത്ര ഗവൺമെന്റ് സ്കൂളുകൾ അടച്ചു പൂട്ടേണ്ടതായി വരും ?

ഉത്തരം

(എ) പുതുതായി അംഗീകാരം നൽകുവാനുദ്ദേശിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ലാത്തതിനാൽ വിവരം ലഭ്യമല്ല.

(ബി) ആക്ഷേപം ഫയൽ ചെയ്യാൻ അനുവാദം നൽകിക്കൊണ്ടുള്ള പ്രാഥമിക ലിസ്റ്റായതിനാൽ വിവരം ഇപ്പോൾ ലഭ്യമല്ല.

2003-2004-ൽ അംഗീകാരം നൽകാനുദ്ദേശിക്കുന്ന സ്കൂളുകൾ

89 (3648) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2003-2004-ൽ അംഗീകാരം നൽകാനുദ്ദേശിക്കുന്ന എത്ര സ്കൂളുകളുടെ പ്രാഥമിക ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവയെത്ര ;

(സി) ഈ ലിസ്റ്റിനെപ്പറ്റിയുള്ള ആക്ഷേപമോ അഭിപ്രായമോ അറിയിക്കുവാനുള്ള നടപടിക്രമമെന്താണ് ?

ഉത്തരം

(എ) 668.

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുന്നില്ല. നിലവിലുള്ള അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകാനാണുദ്ദേശിക്കുന്നത്.

(സി) അംഗീകാരം നൽകാനുദ്ദേശിക്കുന്ന സ്കൂളുകളുടെ പേരുവിവരം അടങ്ങുന്ന ഒരു ലിസ്റ്റ് 27-6-2003-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ.എസ്.1/81222/2002 നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പരിശോധനയ്ക്ക് ലഭിക്കും. ഇതിനെപ്പറ്റിയുള്ള ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഈ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് 0202-01-102-92-അദർ റസീറ്റ്സ് എന്ന ഹെഡിൽ 500 രൂപ ഫീസ് അടച്ച് ചെല്ലാൻ സഹിതം ആക്ഷേപം നല്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly